**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3331 10.12.2018 ൽ മറുപടിയ്ക്ക്**

**പട്ടയമില്ലാത്ത ഭൂമി ഏറ്റെടുക്കുന്നതിന് നടപടി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | **ശ്രീ.ഇ. ചന്ദ്രശേഖരൻ** |
| **ശ്രീ.ഹൈബി ഈഡൻ** | **(റവന്യൂവും ഭവനനിർമ്മാണവും** |
| **ശ്രീ.കെ.മുരളീധരൻ** | **വകുപ്പ് മന്ത്രി)** |
| **ശ്രീ.കെ.സി.ജോസഫ്** | |

| | | |
|---|---|---|
| (എ) | ആരാധനാലയങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കൈവശമുള്ള പട്ടയമില്ലാത്ത ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ)യും (ബി)യും (സി)യും സംഘടനകൾ / സ്ഥാപനങ്ങൾ കാലങ്ങളായി കൈവശം വച്ച് പോരുന്ന ഭൂമിയിൽ ടി സംഘടനകൾ / സ്ഥാപനങ്ങളുടെ ആവശ്യം നിറവേറ്റുന്നതിന് വേണ്ടുന്ന ഏറ്റവും കുറഞ്ഞ വിസ്തീർണ്ണം ഭൂമി ടി ഭൂമിയുടെ കമ്പോള വില ഈടാക്കിയോ കമ്പോള വിലയുടെ നിശ്ചിത ശതമാനം തുക പാട്ടമായി സ്വീകരിച്ചോ പ്രസ്തുത സ്ഥാപനങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി പതിച്ച് നൽകിക്കൊണ്ട് ബാക്കി ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊള്ളുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ആയതിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ ഭൂമി നിലനിർത്തിക്കൊണ്ട് അധികമായുള്ള ഭൂമി ഏറ്റെടുക്കുന്നതിനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | |
| (സി) | ഇപ്രകാരം ഏറ്റെടുക്കുന്ന ഭൂമി ലൈഫ് പോലുള്ള പദ്ധതികൾക്കായി ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ